"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല – കൊറ്റങ്കര ഗ്രാമപഞ്ചായത്ത് - വരൾച്ച ദുരിതാശ്വാസം കുടിവെള്ള വിതരണത്തിന് അധികം ചെലവായ തുക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും അടവാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1837/2021/ത.സ്വ.ഭ.വ      തീയതി,തിരുവനന്തപുരം, 24/09/2021

---

പരാമർശം:-

1. സ.ഉ(സാധാ) 494/2020/ത.സ്വ.ഭവ തീയതി 27/02/020
2. കൊറ്റങ്കര പഞ്ചായത്ത് ഭരണ സമിതിയുടെ 20/08/2020 ലെ 4(1) -ാം നമ്പർ തീരുമാനം.
3. കൊറ്റങ്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01/10/2020 ലെ എ4-1982/20 നമ്പർ കത്ത്.
4. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2021 ലെ PAN/4418/2021-J5(DP) ) നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി പരാമർശം (1) ഉത്തരവ് പ്രകാരം ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തുകയുണ്ടായിയെന്നും ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2020 മാർച്ച് 31 വരെയുള്ള കാലയളവിൽ 5,50,000/- രൂപ വരെ മാത്രമേ ചെലവഴിക്കാൻ അനുവാദമുള്ളൂ എന്നും 29/3/2020വരെ കരാറുകാരൻ 6,34,088/-രൂപയുടെ ബിൽ സമർപ്പിച്ചതിൽ 5,50,000/- രൂപ നല്കിയിട്ടുണ്ടെന്നും, കൂടാതെ 2020 മാർച്ച് 30,31 എന്നീ തീയതികളിലെ ബിൽ തുകയായ 57,356/- രൂപ കൂടി ടിയാന് നല്കാനുണ്ടെന്നും (ആകെ 1,41,444/- രൂപ കുടിശ്ശിക), എന്നാൽ ഏപ്രിൽ, മെയ് മാസങ്ങളിൽ കുടിവെള്ള വിതരണത്തിനായി അനുവദിക്കപ്പെട്ട 11 ലക്ഷം രൂപയിൽ, 2020-21 വാർഷിക പദ്ധതിയിൽ കുടിവെള്ള വിതരണത്തിനായി 10 ലക്ഷം രൂപ വകയിരുത്തിയെങ്കിലും 8,30,440/- രൂപ മാത്രമേ ചെലവായിട്ടുള്ളൂവെന്നും, അധികമായി 1,69,560/- രൂപ നിലനിൽക്കുന്നുണ്ടെന്നും, ടി സാഹചര്യത്തിൽ കുടിശ്ശിക തുകയായ 1,41,444/- രൂപ ബാക്കിയുള്ള തുകയിൽ നിന്നും കരാറുകാരന് നല്കുന്നതിന് അഭ്യർത്ഥിക്കുന്നതിന് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയും പരാമർശം (3) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിക്കുകയും ചെയ്തു. പരാമർശം (4) കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യം ശുപാർശ ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണം നടത്തിയ ഇനത്തിൽ 29/02/2020 മുതൽ 31/03/2020 വരെ ആകെ ചെലവായ 6,91,444/- രൂപയിൽ ഗ്രാമപഞ്ചായത്തിന് ചെലവഴിക്കാൻ അനുവദനീയമായ 5,50,000/- രൂപ കഴിച്ച് 1,41,444/- രൂപ (ഒരു ലക്ഷത്തി നാൽപ്പത്തിയൊന്നായിരത്തി നാന്നൂറ്റി നാൽപ്പത്തിനാല് രൂപ മാത്രം) ഭരണസമിതി തീരുമാനപ്രകാരം കരാറുകാരന് അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Ganga G R

അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ്/സെക്രട്ടറി, കൊറ്റങ്കര ഗ്രാമപഞ്ചായത്ത്, കൊല്ലം

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ